बैंक ऑफ़ बड़ौदा Bank of Baroda

***Zonal Office (Chennai)***

## സബ്സ്റ്റാഫ് റിക്രൂട്ട്മെന്റ് 2016

ബാങ്ക് ഓഫ് ബറോഡ, സോണൽ ഓഫീസ് (ചെന്നൈ), ബറോഡ പ്രൈഡ്, ന്യൂ നം.-41, IIIrd ഫ്ലോർ, ലസ്സ് ചർച്ച് റോഡ്, മൈലാപ്പൂർ, ചെന്നൈ- 600 004, സബോർഡിനേറ്റ് കേഡർ ഒഴിവുകൾ നികത്തുന്നതിനായി താഴെ പറയും പ്രകാരം ഫുൾടൈം സ്വീപ്പർ കം പ്യൂൺ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| സംസ്ഥാനം | തസ്തിക | എസ്.സി | എസ്.ടി. | ഒ.ബി.സി | UR* | ആകെ | ഇതിൽ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | EXS | VI | HI | OH |
| കേരളം | സ്വീപ്പർ കം പ്യൂൺ | 3 | -- | 9 | 26 | 38 | 10 | -- | -- | 1 |

ചുരുക്കരൂപം: എസ്.സി. - പട്ടിക ജാതി; എസ്.ടി.- പട്ടിക വർഗ്ഗം; ഒ.ബി.സി.- മറ്റ് പിന്നോക്ക ജാതിക്കാർ; UR- സംവരണമില്ലാത്തവർ; OH- വികലാംഗർ VI- കാഴ്ച തകരാറുള്ളവർ HI-കേൾവി തകരാറുള്ളവർ EXS-വിമുക്ത ഭടൻമാർ.

തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ ജില്ലകളിലെ ഏതെങ്കിലും ഒഴിവുകളിലേക്ക്, ബാങ്കിന്റെ ആവശ്യാനുസരണം നിയമിക്കുന്നതായിരുക്കും.
എസ്.ടി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കു സംവരണം ചെയ്തിട്ടില്ലാത്ത ഒഴിവുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പക്ഷേ സംവരണമില്ലാത്തവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളായിരിക്കും ഇവർക്കും ബാധകം.

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ഇളവുകള് ലഭിക്കുന്നതായിരിക്കും.

**യോഗ്യതാ മാനദണ്ഡം**

**പ്രായം**

പ്രായം 22.11.2016ന് 18നും 26 നും മദ്ധ്യേ. എസ്.സി./ എസ്.ടി./ ഒ.ബി.സി./ പി.ഡബ്ല്യൂ.ഡി/ വിമുക്തഭടൻ എന്നീ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്കു സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള വയസ്സിളവ് അനുവദിക്കുന്നതാണ്.

| ക്രമ നം. | വിഭാഗം | ഉയർന്ന പ്രായപരിധിയിലെ വയസ്സിളവ് |
|---|---|---|
| 1 | ജനറൽ ( സംവരണമില്ലാത്തവർ ) | വയസ്സിളവ് ഇല്ല |
| 2 | പട്ടിക ജാതി/ പട്ടിക വർഗ്ഗം | 5 വർഷം |
| 3 | പിന്നോക്ക ജാതിക്കാർ (നോൺ-ക്രീമി ലേയർ) | 3 വർഷം |
| 4 | ശാരീരിക വൈകല്യമുള്ളവർ | 10 വർഷം |
| 5 | വിമുക്ത ഭടൻമാർ/ വൈകല്യമുള്ള വിമുക്ത ഭടൻമാർ | പ്രതിരോധ സേനയിൽ സേവനം അനുഷ്ഠിച്ച കൃത്യമായ കാലയളവ് + 3 വർഷം (എസ്.സി./ എസ്.ടി. വിഭാഗത്തിൽ പെട്ട വിമുക്ത ഭടൻമാർ- 8 വർഷം) പരമാവധി പ്രായപരിധി 50 വയസ്സ് |
| 6 | വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ & നിയമപരമായി ഭർത്താവിൽ നിന്നും പിരിഞ്ഞു വീണ്ടും വിവാഹിതരാകാത്ത സ്ത്രീകൾ | 9 വർഷം |
| 7 | 1-1-1980 മുതൽ 31-12-1989വരെ ഉള്ള കാലഘട്ടത്തിൽ ജമ്മു കാശ്മീരിൽ സ്ഥിരതമാക്കിയ വ്യക്തികൾ | 5 വർഷം |
| 8 | 1984 കലാപം ബാധിച്ച വ്യക്തികൾ | 5 വർഷം |
| 9 | യൂണിയൻ കാർബൈഡ് ഫാക്ടറി, ഭോപ്പാൽ, സർവീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട സ്ഥിരജീവനക്കാർ(മധ്യപ്രദേശ് സംസ്ഥാനത്തിനു മാത്രം ബാധകം) | 5 വർഷം |

കുറിപ്പ്:
(i) എസ്.സി / എസ്.ടി./ ഒ.ബി.സി ഉദ്യോഗാർത്ഥികൾക്കുള്ള, ഉയർന്ന പ്രായപരിധിയിലെ ഇളവ്, മുകളിൽ പറഞ്ഞിരിക്കുന്ന ക്രമ നം. 4 to 9 -ലെ ഏതെങ്കിലും ഒരു വിഭാഗത്തിലെ ഇളവുമായി ഒന്നിച്ചു ചേർക്കുന്നതായിരിക്കും.
(ii) സംവരണമില്ലാത്തവർക്കു ഉയർന്ന പ്രായപരിധി ബാധകമാണ്.

**വിദ്യാഭ്യാസ യോഗ്യത-**

- പത്താം ക്ലാസ് ജയിച്ചവരോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. ഉദ്യോഗാർത്ഥികൾക്ക് മാതൃഭാഷയിൽ എഴുതാനും വായിക്കാനും അറിയണം.
- ഇംഗ്ലീഷ് അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതായിരിക്കും.

**അപേക്ഷാ ഫീസ്-**

അടയ്ക്കേണ്ട അപേക്ഷാ ഫീസ് / ചാർജ്ജുകൾ താഴെ പറയുംപ്രകാരമാണ്:

- Rs. 100/- - എസ്.സി./ എസ്.ടി./ പി.ഡബ്ല്യൂ.ഡി/ വിമുക്തഭടൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്
- Rs. 400/- - മറ്റുള്ളവർക്ക്

**പണമടയ്ക്കേണ്ട രീതികൾ:**

1. ഓൺലൈൻ പേയ്മെന്റ് (ക്രെഡിറ്റ് കാർഡ് / ഡെബിറ്റ് കാർഡ് / നെറ്റ് ബാങ്കിംഗ്) - അപേക്ഷാ ഫീസ് ഓൺലൈനായി അടയ്ക്കുമ്പോൾ ബാങ്ക് ഇടപാട് ചാർജ്ജുകൾ ഉദ്യോഗാർത്ഥികൾ വഹിക്കേണ്ടതാണ്.
2. ഓഫ്ലൈൻ പേയ്മെന്റ് (ബാങ്ക് ഓഫ് ബറോഡ ചല്ലാന്) - ഓൺലൈൻ പോർട്ടലിൽ അപേക്ഷ പൂർത്തിയാക്കുമ്പോൾ, ഫീസ് അടയ്ക്കുന്നതിനായി ഒരു പേ-ഇൻ-സ്ലിപ്പ് കിട്ടുന്നതാണ് (ബാങ്ക് ഓഫ് ബറോഡ ചല്ലാൻ). ഈ പേ-ഇൻ-സ്ലിപ്പ് ഉപയോഗിച്ചു അപേക്ഷാ ഫീസ് അടച്ചാൽ മാത്രമേ ശരിയായ ബാങ്ക് അക്കൗണ്ടിലേക്ക് ഫീസ് ക്രെഡിറ്റാവുകയുള്ളൂ. ഏറ്റവുമടുത്ത ബാങ്ക് ഓഫ് ബറോഡ ശാഖയിൽ പോയി ആവശ്യമായ തുക ഈ പേ-ഇൻ-സ്ലിപ്പുമൂലം മാത്രം നിക്ഷേപിക്കുക.

**അപ്ലിക്കേഷൻ അവസാന തീയതി:- 27/12/2016**

**ശമ്പളവും ആനുകൂല്യങ്ങളും-**

Rs.9,560/-- Rs./-18,545+ DA+ HRA+ മറ്റ് ബാധകമായ ആനുകൂല്യങ്ങളും.

**തിരഞ്ഞെടുക്കൽ പ്രക്രിയ-**

തിരഞ്ഞെടുപ്പ് കർശനമായും ഓൺലൈൻ പരീക്ഷയിലൂടെ മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.
ഓൺലൈൻ പരീക്ഷയുടെ ഘടന താഴെ പറയും പ്രകാരമായിരിക്കും.

| ക്രമ നം. | വിഷയം | മൊത്തം മാർക്ക് | മിനിമം യോഗ്യതാ മാർക്ക് | മൊത്തം സമയം |
|---|---|---|---|---|
| 1 | പ്രാദേശിക ഭാഷാ പരിജ്ഞാനം | 30 | 12 | 2 മണിക്കൂർ |
| 2 | ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം | 10 | 4 | |
| 3 | ബാങ്കിംഗ് ഉൾപ്പെടെ ജനറൽ അവബോധം | 20 | 8 | |
| 4 | പ്രാഥമിക ഗണിതം/ സംഖ്യാപരമായ കഴിവ് | 20 | 8 | |
| 5 | സൈക്കോമെട്രിക്ക് പരീക്ഷ | 20 | 8 | |
| | മൊത്തം | 100 | 40 | |

* സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം എസ്.സി./ എസ്.ടി. വിഭാഗക്കാർക്കു, 5% മാർക്ക് ഇളവ് ലഭിക്കുന്നതായിരിക്കും.

മുകളിൽ പറഞ്ഞ പരീക്ഷാവിഷയങ്ങളിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഒഴിച്ച് മറ്റെല്ലാ പരീക്ഷകളും ദ്വിഭാഷകളിലായിരിക്കും, അതായത് ഇംഗ്ലീഷ് & മലയാളം. പരീക്ഷാ രീതിയിൽ മാറ്റം വരുത്തുന്നതിന് ബാങ്കിന് അധികാരമുണ്ടായിരുക്കുന്നതാണ്. മാറ്റങ്ങൾ ബാങ്കിന്റെ വെബ്സൈറ്റ് വഴി അറിയിക്കുന്നതാണ്. പരീക്ഷയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് അയക്കുന്ന കാൾ ലെറ്ററിന്റെ കൂടെയുള്ള ഇൻഫർമേഷൻ ഹാൻഡൌട്ടിൽ ഉണ്ടായിരിക്കുന്നതാണ്. ബാങ്കിന്റെ വെബ്സൈറ്റിൽനിന്നും ഡൌൺലോഡ് ചെയ്യാവുന്നതുമാണ്.

**നിരാകരണം**

തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതെങ്കിലും ഘട്ടത്തിൽ വസ്തുതാവിരുധമായ/ തെറ്റായ വിവരങ്ങൾ നൽകുകയോ നടപടിക്രമങ്ങൾ തെറ്റിക്കുകയോ ചെയ്തതായി കണ്ടെത്തിയാൽ അവരെ തിരഞ്ഞെടുപ്പിൽ അയോഗ്യരാക്കുകയും, അവരെ ബാങ്കിന്റെ ഭാവിയിൽ നടത്താവുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നത് വിലക്കുന്നതുമാണ്. ഇത്തരം പ്രവണതകൾ ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് സമയത്ത് കണ്ടെത്താതെ പോയി പിൽക്കാലത്ത് കണ്ടെത്തുകയോ ചെയ്താൽ അവരെ മുൻകാലപ്രാബല്യത്തോടെ അയോഗ്യരാക്കുന്നതാണ്. ബാങ്കിന് ഈ തിരഞ്ഞെടുപ്പ് പ്രക്രിയ ഒരു കാരണവും കൂടാതെ റദ്ദുചെയ്യുന്നതിന് പൂർണാധികാരം ഉണ്ടായിരുക്കുന്നതാണ്.
നിയമനത്തെ സംബന്ധിച്ച് ബാങ്കിന്റെ തീരുമാനങ്ങൾ അന്തിമവും എല്ലാ അപേക്ഷകരും പാലിക്കാൻ ബാധ്യസ്ഥരുമാണ്.
ഏതെങ്കിലും വിശദീകരണങ്ങൾ/ സംശയങ്ങൾക്ക് ഈ പരസ്യത്തിന്റെ ഇംഗ്ലീഷ് പതിപ്പ് നിലനിൽക്കുന്നതായിരുക്കും.